**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2222 18.03.15-ലെ മറുപടിക്ക്**
**"2012-15 കാലയളവിൽ തകർന്ന ചിട്ടി കമ്പനികൾ"**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. കെ.ടി.ജലീൽ | | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | 2012-2013, 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെയും കേരളത്തിൽ എത്ര ചിട്ടി കമ്പനികളാണ് തകർന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) | 2012-2013, 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെ കേരളത്തിൽ തകർന്ന ചിട്ടി കമ്പനികളുടെ എണ്ണവും ഇവയിൽ നിക്ഷേപം നടത്തിയ ജനങ്ങൾക്ക് നഷ്ടപ്പെട്ട രൂപയുടെ കണക്കും ചുവടെ ചേർക്കുന്നു. |
| (ബി) | ഇവയിൽ നിക്ഷേപം നടത്തിയ ജനങ്ങൾക്ക് എത്ര രൂപയാണ് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കാമോ; | | |

| വർഷം(സാമ്പത്തികവർഷം) | തകർന്ന ചിട്ടികമ്പനികളുടെ എണ്ണം | ജനങ്ങൾക്ക് നഷ്ടപ്പെട്ട തുക (രൂപയിൽ) |
|---|---|---|
| 2012-13 | 13 | 1,84,89,436 |
| 2013-14 | 77 | 17,79,19,425 |
| 2014-15 | 81 | 24,35,04,805 |

| | | | |
|---|---|---|---|
| (സി) | ചിട്ടി കമ്പനികൾ തകർന്നത് മൂലം ജനങ്ങൾക്ക് നഷ്ടപ്പെട്ട പണം തിരികെ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഇത്തരം ചിട്ടികമ്പനികൾക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത ചിട്ടികമ്പനികളുടെ തട്ടിപ്പിനിരയായവരുടെ വിവരങ്ങളും രേഖകളും ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി ബഹു.കോടതി മുമ്പാകെ സമർപ്പിച്ചു വരുന്നു. നിയമപരമായി രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടിയിൽ ചേർന്നിട്ടുള്ള വരിക്കാരുടെ പണം നഷ്ടമാവുകയാണെങ്കിൽ, ദി ചിട്ട് ഫണ്ട്സ് ആക്ട്, സെക്ഷൻ 64 പ്രകാരം രജിസ്ട്രാർ ഓഫ് ചിട്ട്സ് മുമ്പാകെ ആർബിട്രേഷനായി പരാതി ഫയൽ ചെയ്യാവുന്നതാണ്. രജിസ്ട്രാർ ഓഫ് ചിട്ട്സ് പരാതി പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | വരിക്കാരന് നഷ്ടപ്പെട്ട പണം, ഫോർമാനിൽ നിന്നും ഈടാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള തർക്കപരിഹാരത്തിനായി രജിസ്ട്രേഷൻ വകുപ്പിലെ ഒരു സീനിയർ ഉദ്യോഗസ്ഥന് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ നോമിനിയായി അധിക ചുമതല നൽകിയിട്ടുണ്ട്. ചിട്ടി ആരംഭിക്കുന്ന സമയത്ത് ഫോർമാൻ, ചിട്ടി സലയ്ക്ക് തുല്യമായ തുക നിക്ഷേപമായോ അല്ലെങ്കിൽ ചിട്ടി സലയുടെ 50% വരുന്ന തുക നിക്ഷേപമായും, 50% വരുന്ന തുകയ്ക്ക് ബാങ്ക് ഗ്യാരന്റിയും, അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ നിക്ഷേപിക്കുന്നുണ്ട്. വരിക്കാരന് പണം നഷ്ടപ്പെടുകയാണെങ്കിൽ ഈ നിക്ഷേപത്തിൽ നിന്നും തുക പിൻവലിച്ചുനൽകുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ.**